**പതിമൂന്നാം കേരള നിയമസഭ**
**നാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1560 21-03-2012-ലെ മറുപടിക്ക്

# കുട്ടനാട് പാക്കേജ്

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. തോമസ് ചാണ്ടി | | ശ്രീ. കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി വാങ്ങിയ ആദ്യത്തെ 50 കൊയ്ത്തുയന്ത്രങ്ങൾ നിലവിൽ എവിടെയാണ് ഉപയോഗിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) | ആദ്യഘട്ടത്തിൽ വാങ്ങിയ 50 കൊയ്ത്ത് യന്ത്രങ്ങളിൽ 20 എണ്ണം ആലപ്പുഴയിലും, 10 എണ്ണം കോട്ടയത്തും, 8 എണ്ണം പത്തനംതിട്ടയിലും 3 എണ്ണം പാലക്കാടും 9 എണ്ണം തൃശ്ശൂരിലുമായിട്ടാണ് വിന്യസിച്ചിരിക്കുന്നത്. |
| (ബി) പ്രസ്തുതയന്ത്രങ്ങൾ അപ്പർ കുട്ടനാടൻ ഭാഗങ്ങളിലെ ആവശ്യമുള്ള പാടശേഖരങ്ങൾക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (ബി) | കൊയ്ത്ത് യന്ത്രങ്ങൾ കർഷകർ ആവശ്യപ്പെടുന്നതനുസരിച്ച് കുട്ടനാട് മേഖലകളിൽ നൽകി വരുന്നുണ്ട്. |
| (സി) വാങ്ങിയ 50 ട്രാക്ടറുകളും 50 ട്രില്ലറുകളും ആരുടെ അധീനതയിലാണ് ഇപ്പോഴുള്ളതെന്ന് വിശദമാക്കിയ റിപ്പോർട്ട് ലഭ്യമാക്കുമോ ; | (സി) | വാങ്ങിയ 50 ട്രാക്ടറുകളിൽ 21 എണ്ണം കൃഷി വകുപ്പിന്റെ കൈവശവും ബാക്കിയുള്ളവ കെയ്ക്കോയുടെ കൈവശവുമാണ് ഉള്ളത്. വാങ്ങിയ 50 ട്രില്ലറുകൾ ഇപ്പോൾ കെയ്ക്കോയുടെ കൈവശമാണ് ഉള്ളത്. |
| (ഡി) രണ്ടാംഘട്ടമായി കൊയ്ത്തുയന്ത്രങ്ങൾ വാങ്ങുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ? | (ഡി) | സ്റ്റേറ്റ് ലെവൽ പർച്ചേസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റിയുടെ തീരുമാനപ്രകാരം രണ്ടാംഘട്ടമായി 50 കൊയ്ത്ത് യന്ത്രങ്ങൾ വാങ്ങുന്നതിന് തീരുമാനിക്കുകയും ക്ലാസ്സ് കമ്പനിയുടെ 50 മെഷീനുകൾ വാങ്ങാൻ 03-03-2012-ൽ പർച്ചേസ് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ